LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷിയുടെ വികസനം

120 (7417) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി 2013-14-ൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര ;

(സി) പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ഡി) ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് ആനുകൂല്യം നൽകുകയുണ്ടായി ; ഓരോ പാടശേഖര സമിതിക്കും ആനുകൂല്യം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ഇ) 150 മാതൃകാപാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിപ്രകാരം ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് ഇക്കാലയളവിൽ നൽകി ; ഇൻസെന്റീവ് നൽകുന്നതിന് എത്ര തുക ആകെ ചെലവഴിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി 2013-14-ൽ സുസ്ഥിര നെൽകൃഷി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്, തരിശുനില നെൽകൃഷി വികസനം, കരനെൽകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പി.പി.പി.എസ്.ആർ.ഐ. പദ്ധതി, പൊക്കാളി നെൽകൃഷി വികസനം (ആർ.കെ.വി.വൈ), പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും, ഉല്പാദന ബോണസ്, ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 391.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഓരോ ജില്ലയിലും ആനുകൂല്യം നൽകിയ പാടശേഖരങ്ങളുടെ എണ്ണം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പദ്ധതി നിർവ്വഹണത്തിനുള്ള നിർദ്ദേശ പ്രകാരം മിനിമം 5 ഹെക്ടറുള്ള ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങൾക്ക് മാത്രമേ ആനുകൂല്യത്തിനർഹതയുണ്ടായിരുന്നുള്ളൂ. എന്നാൽ ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ അപേക്ഷ പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പിന്നീട് ഗ്രൂപ്പ് ഫാമിംഗ് പാടശേഖരത്തിന്റെ വിസ്തീർണ്ണം മിനിമം 3 ഹെക്ടർ എന്നാക്കി മാറ്റുകയും മിനിമം 3 ഹെക്ടർ വിസ്തീർണ്ണമുള്ള പാടശേഖരങ്ങൾക്കും ഇതിന്റെ ആനുകൂല്യം നൽകിയിട്ടുമുണ്ട്.

(ഇ) മാതൃകാ പാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കിയ പാടശേഖരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

ജില്ല	പാടശേഖരങ്ങളുടെ എണ്ണം
തിരുവനന്തപുരം	3
കൊല്ലം	5
പത്തനംതിട്ട	6
ആലപ്പുഴ	33
കോട്ടയം	6
ഇടുക്കി	3
എറണാകുളം	7
തൃശ്ശൂർ	16
പാലക്കാട്	28
മലപ്പുറം	9
കോഴിക്കോട്	4
വയനാട്	10
കണ്ണൂർ	8
കാസർഗോഡ്	10

മാതൃകാ പാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ആകെ 138.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹൈടെക് കൃഷി നടപ്പിലാക്കൽ

121 (7418) പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഇതുമൂലം ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും എത്രയധികം വർദ്ധിച്ചു എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly